DESPATCHED
On.05/2/22..

24/01/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 245*(7)/2015*/**എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **1670**/എസ്.ഐ.സി-ജി 6/2015)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. ടി.ജി.മാർക്കോസ്,
തുരുത്തിക്കാട്ടിൽ വീട്, വാണിയമ്പാറ പി.ഒ.,
തൃശ്ശൂർ, പിൻ – 680 652. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
വൈൽഡ്ലൈഫ് വാർഡൻ,
വൈൽഡ്ലൈഫ് വാർഡന്റെ കാര്യാലയം,
വൈൽഡ്ലൈഫ് ഡിവിഷൻ, പീച്ചി,
പീച്ചി പി.ഒ.

2. അപ്പീൽ അധികാരി&
ഫോറസ്റ്റ് കൺസർവേറ്റർ,
ഫോറസ്റ്റ് കൺസർവേറ്ററുടെ കാര്യാലയം
(വന്യജീവി വിഭാഗം), ഫോറസ്റ്റ് കോംപ്ലക്സ്,
ഒലവക്കോട്, പാലക്കാട് – 678 002.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 27.11.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 17.12.2014 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 26.12.2014 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 19.01.2015 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 30.01.2015 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 02.02.2015 |
| ഹിയറിംഗ് നടന്ന തീയതി | 03.01.2022, ഓഡിയോ ഹീയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. മാർകോസ് റ്റി.ജി., 30.01.2015ന് സമർപ്പിച്ച അപ്പീൽ ഹർജി 02.02.2015ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.245(7)/15/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നും ഓഫീസിലുള്ള രേഖകൾ നൽകാതിരിക്കുന്നത് വിവരാവകാശ നിയമപ്രകാരം കുറ്റകരവും ശിക്ഷാർഹവുമാണെന്നും ടിയാൻ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ്.

3. അപ്പീൽ ഹർജിക്കാരൻ 27.11.2014ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, പീച്ചി വാഴാനി വന്യജീവി സങ്കേതത്തിന്റെ പരിധിയിൽ നടന്ന സർക്കാർ പ്രവൃത്തികളുടെ വർക്ക് എസ്റ്റിമേറ്റ്, അപ്രൂവ്ഡ് സാങ്ഷൻ, പ്രവൃത്തി ചെയ്ത സ്ഥല വിസ്തീർണ്ണം, ചെയ്ത പ്രവൃത്തികൾ, ഓരോ പ്രവൃത്തികൾക്കും ചിലവായ തുക എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ നൽകണമെന്നാണ്. ആയതിന് 17.12.2014ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ടി ഓഫീസിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ടിയാന് ആവശ്യമുള്ളതും ഈ ഓഫീസിൽ ലഭ്യമായതുമായ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ ഓഫീസിൽ നേരിട്ട് ഹാജരായി പരിശോധിക്കാവുന്നതും നിശ്ചിത ഫീസടച്ച് രേഖകൾ കൈപ്പറ്റാമെന്നുമാണ് അറിയിച്ചത്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 19.01.2014ന് നൽകിയ മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്നും പീച്ചി വൈൽഡ് ലൈഫ് വാർഡൻ 15.01.2015ന് സമർപ്പിച്ച റിപ്പോർട്ടിൽ പീച്ചി ഡിവിഷനിൽ 2008-09 സാമ്പത്തിക വർഷം മുതൽ 27.11.2014 തീയതിവരെ 7 വർഷങ്ങളായി ആകെ 2787 അടങ്കൽ പാസ്സാക്കിയിട്ടുള്ളതും ടി അടങ്കലുകളുടെ എല്ലാം വിശദാംശ

ങ്ങൾ പകർപ്പെടുത്തു നൽകുക എന്നത് പ്രായോഗിക ബുദ്ധിമുട്ടുള്ളതി നാലും ഓഫീസിലെ മറ്റു ദൈനംദിന പ്രവൃത്തികളുടെ സുഗമമായ നടത്തി പ്പിനെ ബാധിക്കുമെന്നതിനാലും ഹർജിക്കാരന് ആവശ്യമുള്ള വിവരങ്ങൾ ഓഫീസിൽ ഹാജരായി പരിശോധിച്ച് ടിയാന് ആവശ്യമായവ നിശ്ചിത ഫീസൊടുക്കി കൈപ്പറ്റുവാൻ നിർദ്ദേശിച്ചിട്ടുള്ളതെന്ന് റിപ്പോർട്ട് ചെയ്തിട്ടു ണ്ടെന്നാണ്. കൂടാതെ ഹർജിക്കാരന്റെ 26.12.2014ലെ അപ്പീൽ ഹർജിയിൽ പീച്ചി വൈൽഡ് ലൈഫ് വാർഡനിൽ നിന്നും ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനു പകരം വൈൽഡ് ലൈഫ് വാർഡന്റെ നിർദ്ദേശമാണ് ലഭി ച്ചിട്ടുള്ളതെന്നും 27.11.2014ലെ അപേക്ഷ പ്രകാരമുള്ള മറുപടി ലഭ്യമാക്കണ മെന്ന് അപേക്ഷിച്ചിട്ടുണ്ടെന്നും പീച്ചി വൈൽഡ് ലൈഫ് വാർഡന്റെ 15.01.2015ലെ മറുപടി പരിശോധിച്ചതിൽ ഹർജിക്കാരന് ആവശ്യമുള്ള വിവര ങ്ങൾ ഓഫീസിൽ ഹാജരായി പരിശോധിക്കുവാനും ആവശ്യമായവ നിശ്ചിത ഫീസടച്ച് കൈപ്പറ്റുവാനും നിർദ്ദേശിച്ചിട്ടുള്ളതായി കാണുന്നു വെന്നും കൂടാതെ വിവരങ്ങൾ മനപ്പൂർവ്വം നൽകാതിരിക്കുകയോ അവ്യക്ത മായി മറുപടി നൽകുകയോ ചെയ്തിട്ടില്ലെന്നുമാണ്. ടി സാഹചര്യത്തിൽ ഹർജിക്കാരന്റെ അപ്പീൽ പരിഗണിച്ച് ടിയാന് പീച്ചി വൈൽഡ് ലൈഫ് ഡിവിഷൻ ഓഫീസിൽ ചെന്ന് ബന്ധപ്പെട്ട രേഖകൾ പരിശോധിക്കുവാനും ആവശ്യമുള്ള രേഖകളുടെ പകർപ്പുകൾ വിവരാവകാശ നിയമപ്രകാരം എടു ക്കുവാനും ടിയാന് ഒരവസരം കൂടി നൽകുവാൻ പീച്ചി വൈൽഡ് ലൈഫ് വാർഡനോട് നിർദ്ദേശിക്കുന്നുവെന്നും ടി തീർപ്പിൽ ആക്ഷേപമുള്ള പക്ഷം പീച്ചി വൈൽഡ് ലൈഫ് വാർഡൻ, ഹർജിക്കാരന്റെ 27.11.2014ലെ അപേ ക്ഷയിൽ ആവശ്യപ്പെട്ടിട്ടുള്ള രേഖകളുടെ ഏകദേശം എണ്ണവും വിവരാവ കാശ നിയമപ്രകാരം അവയുടെ പകർപ്പ് നൽകുവാൻ വേണ്ട തുകയും കണക്കാക്കി ഹർജിക്കാരനെ അറിയിക്കേണ്ടതും ഹർജിക്കാരൻ ടി തുക ഒടു ക്കുന്ന പക്ഷം രേഖകളുടെ പകർപ്പുകൾ നൽകാൻ നിർദ്ദേശിച്ചുകൊണ്ടും അപ്പീൽ തീർപ്പാക്കി ഉത്തരവായെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരു കക്ഷികളെയും കേട്ടതിലും ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകി യിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ ഓഫീസിൽ ഹാജരായി പരിശോധി

ക്കാനാണ് ആവശ്യപ്പെട്ടതെന്നും ടിയാന് രേഖകൾ നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ് രണ്ടാം അപ്പീലിൽ ആവശ്യപ്പെട്ടിരിക്കുന്നത്. എന്നാൽ രണ്ടാം എതിർകക്ഷിയുടെ അപ്പീൽ തീർപ്പാക്കൽ ഉത്തരവിൽ രേഖപ്പെടുത്തിയിരിക്കുന്നത്, അപേക്ഷകന്റെ 27.11.2014ലെ ഹർജിയിൽ ആവശ്യപ്പെട്ടിട്ടുള്ള രേഖകളുടെ എണ്ണവും വിവരാവകാശ നിയമപ്രകാരം അവയുടെ പകർപ്പ് നൽകുവാൻ വേണ്ടുന്ന തുകയും കണക്കാക്കി ഹർജിക്കാരനെ അറിയിക്കേണ്ടതും ടിയാൻ പ്രസ്തുത തുക അടയ്ക്കുന്ന പക്ഷം രേഖകളുടെ പകർപ്പുകൾ നൽകാൻ നിർദ്ദേശിച്ചുകൊണ്ടും അപ്പീൽ തീർപ്പാക്കിയെന്നാണ്. മൊഴിയും അനുബന്ധ രേഖകളും റിപ്പോർട്ടും പരിശോധിച്ചതിൽ ഓഫീസിൽ ഹാജരായി രേഖകൾ പരിശോധിക്കാൻ ഹർജിക്കാരന് അവസരം നൽകണമെന്നും അപ്പീൽ ഹർജിക്കാരന്റെ 6(1) അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടുള്ള രേഖകളുടെ പകർപ്പുകൾക്കായി വിവരാവകാശ നിയമം വകുപ്പ് 7(3)(a) പ്രകാരമുള്ള തുക രണ്ടാം എതിർകക്ഷിയുടെ 19.01.2015ലെ ഉത്തരവ് പ്രകാരം ഹർജിക്കാരനെ അറിയിക്കാനും ഒന്നാം എതിർകക്ഷിയ്ക്ക് കമ്മീഷൻ നിർദ്ദേശം നൽകുന്നു.

5. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 ജനുവരി 24–ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/

STATE INFORMATION COMMISSION * KERALA * THIRUVANANTHAPURAM